പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 480 06/03/2012 ൽ മറുപടിയ്ക്ക്

**<u>സാമൂഹ്യ സുരക്ഷാ മിഷന്റെ ക്ഷേമ പ്രവർത്തനങ്ങൾ</u>**

ചോദ്യം ഉത്തരം

ശ്രീമതി. ഗീതാ ഗോപി

ഡോ. എം.കെ.മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി

| | |
|---|---|
| (എ) സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) 1. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ധന സഹായം.<br>2. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരും ആയവരെ പരിചരിക്കുന്നവർക്കുള്ള ആശ്വാസ കിരണം.<br>3. അഗതികളായ അവിവാഹിത അമ്മമാർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹസ്പർശം പദ്ധതി.<br>4. മാരക രോഗ ബാധിതരായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കും ക്യാൻസർ ബാധിതരായ കുട്ടികൾക്കും ഉള്ള താലോലം, ക്യാൻസർ സുരക്ഷാ പദ്ധതികൾ.<br>5. വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി.<br>6. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി.<br>7. 65 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷയ്ക്കായുള്ള വയോമിത്രം പദ്ധതി.<br>8. കോഴിക്കോട് നഗരത്തിലെ ആശുപത്രികളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്ന വിശപ്പ്രഹിതനഗരം പദ്ധതി തുടങ്ങിയ പദ്ധതികൾ സുരക്ഷാ മിഷൻ നടത്തി വരുന്നു. |
| (ബി) സാമൂഹ്യ സുരക്ഷാ മിഷന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക സമാഹരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) സുരക്ഷാ മിഷന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ 10 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ / മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും തനത് / പ്ലാൻ ഫണ്ടിൽ നിന്നും സംഭാവനയായി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ സാമൂഹ്യ സുരക്ഷാ മിഷൻ പുറപ്പെടുവിച്ചിട്ടുളള സ്റ്റാമ്പുകൾ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകി ഓരോ ഗ്രാമ പഞ്ചായത്തും നഗര സഭയും മുനിസിപ്പൽ കോർപ്പറേഷനും 50,000 രൂപ നിരക്കിൽ സമാഹരിച്ച് പേയ്മെന്റ് ഗേറ്റ് വേയിലേയ്ക്ക് നൽകണമെന്നും അഭ്യർത്ഥി ച്ചിട്ടുണ്ട് |

R. Vijayan
സെക്ഷൻ ഓഫീസർ